# കോട്ടയം ഗ്രാമപഞ്ചായത്ത്

# ബജറ്റ് 2024–25

## ആമുഖം

കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2024–25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഈ ഭരണസമിതിക്ക് മുമ്പാകെ സമർപ്പിക്കുകയാണ്. ബജറ്റ് അവതരണ യോഗത്തിൽ ആമുഖ പ്രസംഗം നടത്തിയ ബഹു: പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺമാർ, പഞ്ചായത്ത് മെമ്പർമാർ, നിർവ്വഹണ ഉദ്യോഗസ്ഥന്മാർ, ജീവനക്കാർ, മാധ്യമപ്രവർത്തകർ, രാഷ്ട്രീയ പാർടി പ്രതിനിധികൾ നിങ്ങൾ ഏവരേയും 2024–25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് അവതരണത്തിനായുള്ള പ്രത്യേക യോഗത്തിലേക്ക് സ്നേഹപൂർവ്വം ഞാൻ സ്വാഗതം ചെയ്യുന്നു.

കഴിഞ്ഞ വാർഷിക ബഡ്ജറ്റിൽ നമ്മൾ ആസൂത്രണം ചെയ്ത പരിപാടികളും പദ്ധതികളും ഏറെക്കുറെ സമയബന്ധിതമായും ലക്ഷ്യാധിഷ്ഠിതമായും ഫലാധിഷ്ഠിതമായും പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. ലഭ്യമായ ഫണ്ടിൽ 100 ശതമാനം വിനിയോഗിക്കാനും കഴിഞ്ഞ വർഷം സാധിച്ചിട്ടുണ്ട്.

കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെയാണ് കടന്നുപോകുന്നത്. കേന്ദ്ര സർക്കാർ കടുത്ത സാമ്പത്തിക നിയന്ത്രണങ്ങളാണ് കേരളത്തിനുമേൽ അടിച്ചേൽപ്പിക്കുന്നത്. ഈ പ്രതിസന്ധിക്കിടയിലും ജനങ്ങൾക്ക് ആശ്വാസം പകരുന്ന നിലപാടുകളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്.

കേരളത്തിന്റെത് സൂര്യോദയ സമ്പദ്ഘടനയെന്നാണ് ധനമന്ത്രി ബാലഗോപാൽ വിശേഷിപ്പിച്ചിട്ടുള്ളത്. ഈ വർഷത്തെ കേരള ബജറ്റ് ഗ്രാമീണ റോഡ് വികസനത്തിനും ഉല്പാദന പ്രവർത്തനങ്ങൾക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും തുക അധികം നൽകിക്കൊണ്ടാണ് കേരള ഗവൺമെന്റ് ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്.

ഈ ഭരണ സമിതിയുടെ കാലഘട്ടത്തിലെ നാലാമത്തെ ബജറ്റ് അവതരണമാണിത്. ധനകാര്യ പരിപാലനത്തിലെ നെടും തൂണാണ് ബജറ്റ്, പ്രളയാനന്തര കേരളം പടുത്തുയർത്തുമ്പോഴും സുഭിക്ഷ കേരളം പദ്ധതിയിലൂടെ കാർഷിക മേഖലയിൽ നാം നേടിയ നേട്ടങ്ങളെ നിലനിർത്തുന്നതിനും ഗ്രാമങ്ങളെ പച്ചക്കറി, പാൽ, മുട്ട ഉൽപാദന രംഗത്ത് സ്വയം പര്യാപ്തതയിലേക്ക് നയിക്കാനും, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വേണ്ട പദ്ധതികളും ഈ വർഷത്തെ ബജറ്റിനകത്ത് വകയിരുത്തിയിട്ടുണ്ട്. വരും വർഷങ്ങളിൽ സ്വയം പര്യാപ്തത നേടണം എന്ന വ്യക്തമായ ലക്ഷ്യബോധത്തോടെയാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ഭൂമിയുള്ള ഭവനരഹിതരായ മുഴുവൻ പേർക്കും വീടും, ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും പുതിയ തൊഴിൽ സംരംഭങ്ങൾക്കും ഈ ബജറ്റ് ഊന്നൽ നൽകുകയാണ്. 14 വാർഡുകളിലുള്ള പാശ്ചാത്തല മേഖലയിലെ വികസനത്തിനും സാമൂഹ്യ സുരക്ഷക്കും, വയോജന ക്ഷേമത്തിനും വിദ്യാഭ്യാസ രംഗത്തിനും ശുചിത്വ പരിപാലനത്തിനും കാർഷിക മേഖലയ്ക്കും ഈ ബജറ്റിൽ അർഹമായ പരിഗണന നല്കിയിട്ടുണ്ട്. നഗരവത്ക്കരിക്കപ്പെടുന്ന കോട്ടയത്തിന് പുതുതായി നിർമ്മാണം

ആരംഭിക്കുന്ന കൺവെൻഷൻ സെന്ററിന്റെ ആദ്യഘട്ട പ്രവർത്തിക്ക് ആവശ്യമായ തുക ഈ ബജറ്റിൽ വകയിരുത്തുന്നു.

സ്വയംപര്യാപ്തമായ കോട്ടയം ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യത്തിലേക്ക് കൂടുതൽ വിഭവ സമാഹരണം നാം കണ്ടെത്തേണ്ടതുണ്ട്. ആയത് നാം നേരിടുന്ന വലിയ ഒരു വെല്ലുവിളിയാണ്. പഞ്ചായത്തിലെ മുഴുവൻ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുന്ന ബജറ്റ് ആണെന്ന് അവകാശപ്പെടുന്നില്ല. എന്നാൽ ഗ്രാമസഭയിൽ നിന്നും ഉയർന്നു വന്ന ആവശ്യങ്ങൾ പൊതുജനങ്ങൾ നേരിട്ടും അല്ലാതെയും നൽകിയ നിർദ്ദേശങ്ങൾ വിവിധ ജനവിഭാഗങ്ങളുമായി നടത്തിയ ചർച്ചകളിലെ പരാമർശങ്ങൾ എന്നിവയെല്ലാം പഞ്ചായത്തിന്റെ വിഭവശേഷി കണക്കിലെടുത്ത് ഈ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

അതിനുപുറമെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അനന്തമായ സാദ്ധ്യതയെ പ്രയോജനപ്പെടുത്തി ഉപജീവനത്തിനുള്ള വ്യക്തിഗത ആസ്തികൾ നിർമ്മിച്ച് നൽകിയും, നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് സ്ഥായിയായ നിർമ്മാണ പ്രവൃത്തകളും (റോഡ്, പാലം, കെട്ടിടം), കാർഷിക മേഖലയിൽ ഗ്രൂപ്പ് കൃഷിയിൽ മുന്നേറ്റമുണ്ടാക്കാനും ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ജനാധിപത്യ സർക്കാറുകൾ ജനങ്ങളുടെ ക്ഷേമത്തിനും അതിജീവനത്തിനും സന്തോഷകരമായ ജീവിത സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പ്രതിജ്ഞാബദ്ധമാകണം. ദീർഘവീക്ഷണത്തോടെ പ്രകൃതി വിഭവങ്ങൾ വിനിയോഗിക്കുകയും വരും തലമുറയ്ക്കു കൂടി ഉപയോഗ്യ

യോഗ്യമാകും വിധം, പരിസ്ഥിതിയേയും, ചുറ്റുപാടുകളെയും സംരക്ഷിക്കുന്നതിന് കരുതലോടെ പ്രവർത്തിക്കുകയും വേണം. ജനങ്ങളോട് അടുത്ത് നിൽക്കുന്നതും അവരവരുടെയും പ്രദേശത്തിന്റെയും പ്രശ്നങ്ങൾ അടുത്ത് നിന്ന് മനസ്സിലാക്കുന്നതുമായ ജനാധിപത്യ ഭരണസംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തുകൾക്ക് വളരെയേറെ ഉത്തരവാദിത്വവും പ്രാധാന്യമുണ്ട്. കോട്ടയം ഗ്രാമപഞ്ചായത്തിന് പ്രകൃതി വിഭവങ്ങൾ വളരെ കുറവായതിനാൽ തനത് പണ്ട് കണ്ടെത്തുന്നത് വലിയ ഒരു വെല്ലുവിളിയാണ്. കൂടുതൽ പുതിയ ചെറുകിട സംരംഭങ്ങൾ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയാൽ മാത്രമേ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും അത് വഴി നമ്മുടെ തനത് വരുമാനം വർദ്ധിപ്പിക്കുവാനും സാധിക്കുകയുള്ളൂ.

ഈ വർഷം പ്രാരംഭബാക്കി ഉൾപ്പെടെ 24,60,01,604 (24 കോടി 60 ലക്ഷത്തി ആയിരത്തി 604 രൂപ )വരവും 24,35,57,600 (24 കോടി 35 ലക്ഷത്തി 57 ആയിരത്തി 600 രൂപ) ചെലവും 24,44,004/- (24 ലക്ഷത്തി 44 ആയിരത്തി 4 രൂപ) മിച്ചവും, ഉദ്ദേശിക്കുന്നു. 14 വാർഡുകളുടെയും സന്തുലന വികസന ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് ഈ ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

## *കാർഷിക മേഖല*

കാർഷിക മേഖലയിൽ വളരെ കാലമായി മികച്ച മുന്നേറ്റം നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. കർഷകർക്ക് വിത്ത് കൂലിച്ചെലവ് തുടങ്ങിയവയിൽ ഗ്രാമ പഞ്ചായത്ത് നൽകുന്ന ആനുകൂല്യം ഏറെ സഹായകരമാണ്. ഇത് കൃഷി ചെയ്യാനുള്ള

അവരുടെ താല്പര്യം വർദ്ധിപ്പിച്ചിട്ടുണ്ട്. നെൽകൃഷി വികസനത്തിനും, നേന്ത്രവാഴ കൃഷി, പച്ചക്കറി കൃഷി, ഇഞ്ചി മഞ്ഞൾ, കുരുമുളക് കൃഷി, മഴക്കാല പച്ചക്കറി ഉൽപാദിപ്പിക്കാൻ കൂലിച്ചെലവ് എന്നിവയ്ക്കായി 16 ലക്ഷം രൂപ വകയിരുത്തുന്നു. നാളികേര വർദ്ധനവിനായി തെങ്ങ് കൃഷിക്ക് വേണ്ടി 5 ലക്ഷം രൂപ നീക്കി വെക്കുന്നു. തേങ്ങയുടെ ഉല്പാദന വർദ്ധനവിനായി പ്രത്യേകം പദ്ധതികൾ കൂടി നാം ആവിഷ്ക്കരിക്കേണ്ടതായുണ്ട്. പരിസ്ഥിതി സംരക്ഷണത്തിനും വീട്ടു വളപ്പിൽ ഔഷധത്തൈകൾ വെച്ച് പിടിപ്പിക്കാൻ വേണ്ടിയും വിഷരഹിത പച്ചക്കറി പദ്ധതിയ്ക്കായി 5 ലക്ഷം രൂപയും മാറ്റി വെക്കുന്നു. കോട്ടയം ഗ്രാമപഞ്ചായത്തിന്റെ നഗരവത്ക്കരണവും സ്ഥല പരിമിതിയും കണക്കിലെടുത്ത് കൊണ്ട് സ്ഥലം കുറവ് വേണ്ട കൃഷിരീതികളായ ടെറസ് കൃഷി, മുറ്റത്തെ കൃഷി എന്നിവ എല്ലാ വീടുകളിലും നടത്തേണ്ടതാണ്. പുതിയ തലമുറയ്ക്ക് കൃഷിയോട് താല്പര്യം ഉണ്ടാക്കുന്നതിന് സ്കൂളുകളിലും അങ്കണവാടികളിലും പച്ചക്കറിത്തോട്ടം എന്നത് ഈ ബജറ്റ് കാലയളവിൽ ലക്ഷ്യമിടുന്നു. കർഷകരുടെ കൂട്ടായ്മയിലൂടെ മാത്രമേ കാർഷിക മേഖലയിൽ വികസനം കൈവരിക്കാൻ നമ്മുക്ക് സാധ്യമാവുകയുള്ളൂ. കാർഷിക ഉല്പന്നങ്ങൾക്ക് വിപണനം ഇവിടെത്തന്നെ സാധ്യമാവുന്നതിന് ആവശ്യമായ വിപണി ഇവിടെത്തന്നെ കണ്ടത്തേണ്ടതുണ്ട്.

## ***<u>മൃഗസംരക്ഷണ മേഖല</u>***

കുടുംബങ്ങളിൽ സ്ഥിരവരുമാനം ഉറപ്പ് വരുത്തുന്നതിനാവശ്യമായ നിലയിലാണ് ഈ മേഖലയിലെ

പദ്ധതികൾ നാം ആവിഷ്ക്കരിച്ചിരിക്കുന്നത്. വനിതകളുടെ സാമ്പത്തിക ശാക്തീകരണം കൂടി ഇതിന്റെ അടിസ്ഥാനത്തിൽ നാം വിഭാവനം ചെയ്യുന്നു. പശു, കോഴി തുടങ്ങി ഗൃഹാന്തരീക്ഷത്തിൽ തന്നെ വളർത്തിയെടുക്കാനും മികച്ച ഉത്പാദനം ഉറപ്പ് വരുത്താനും സാധിക്കുന്ന പദ്ധതികൾക്ക് മുൻഗണന നൽകുന്നു. മുട്ടക്കോഴി വളർത്തൽ പദ്ധതിക്കായും പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് പാലിന് ഇൻസെന്റീവ്, കന്നുകൂട്ടി പരിപാലനവും, കറവപ്പശുവിന് എല്ലാ മാസവും പകുതി വിലയ്ക്ക് കാലിത്തീറ്റയും നൽകുന്നതിനായി 16 ലക്ഷം രൂപ നീക്കിവെക്കുന്നു.

## ***<u>മത്സ്യകൃഷി</u>***

കാർഷിക മേഖലയിലെല്ലാം കൃഷി ആവശ്യങ്ങൾക്കായി തയ്യാറാക്കിയ ചെറിയ കുളങ്ങളും കുണ്ടുകളും പൊതു കുളങ്ങളും കർഷകർക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കാൻ ഉപകാരപ്രദമാവും വിധത്തിൽ ഹ്രസ്വകാല വിളവെടുപ്പ് നടത്താൻ കഴിയുന്ന മത്സ്യകൃഷി പദ്ധതിക്ക് കഴിഞ്ഞ വർഷം തുടക്കം കുറിച്ചിട്ടുണ്ട്. ഫിഷറീസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് ഈ പ്രവർത്തനം തുടരുന്നതിന് 2 ലക്ഷം രൂപ വകയിരുത്തുന്നു.

## ***<u>പാർപ്പിടം</u>***

സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത പാവപ്പെട്ടവരുടെ സ്വപ്ന പദ്ധതിയും സംസ്ഥാന സർക്കാറിന്റെ പ്രധാന മിഷനുകളിലൊന്നുമായ ലൈഫ് മിഷൻ പദ്ധതിയിൽ അർഹരായ ഭൂമിയുള്ള 30 ഗുണഭോക്താക്കൾക്ക് ജില്ലാ ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെയും സംസ്ഥാന

വിഹിതത്തിന്റെയും ഹഡ്കോ വായ്പയുടെ സഹായത്തോടെയും ഭവന നിർമ്മാണത്തിന് 1 കോടി രൂപ 20 ലക്ഷം രൂപ വകയിരുത്തുന്നു. 2024–25 വർഷം തന്നെ കോട്ടയം ഗ്രാമപഞ്ചായത്തിലെ മുഴുവൻ പേർക്കും വീട് എന്ന ലക്ഷ്യം കൈവരിക്കാൻ സാധ്യമാകുന്നതാണ്. വീട് പുനരുദ്ധാരണ പ്രവൃർത്തികൾക്കും ആവശ്യമായ തുക വകയിരിത്തിയിട്ടുണ്ട്.

***<u>അഗതിരഹിത കേരളം</u>***

ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി 5 ലക്ഷം രൂപ വകയിരുത്തുന്നു.

***<u>ദാരിദ്ര്യമുക്ത കോട്ടയം</u>***

അതിദാരിദ്ര്യം തുടച്ചുനീക്കുന്നതിനായി ഗുണഭോക്താളുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി 10 ലക്ഷം രൂപ വകയിരുത്തുന്നു. ഇതിലേക്കായി സ്ഥലവും വീടും നല്കേണ്ടതുണ്ട്. കുടാതെ അതിദരിദ്രർക്കുള്ള ഭക്ഷണ വിതരണം, ആവശ്യമായ മരുന്ന് വിതരണം എന്നിവ ഇതിൽ ഉൾപ്പെടുത്തുന്നു.

***<u>സ്ത്രീ സൗഹൃദ ഗ്രാമം</u>***

സ്ത്രീകളുടെ ഉന്നമനത്തെ മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾക്ക് ഈ ബഡ്ജറ്റ് മുൻഗണന നൽകുന്നു. ഉൽപാദന മേഖലയിൽ മാത്രം സ്ത്രീകളുടെ തൊഴിൽ മേഖലയുടെ വിപുലീകരണത്തിനും സാമ്പത്തിക ഭദ്രത ഉറപ്പ് വരുത്തുന്നതിനുമായി ആവശ്യമായ തുക വകയിരുത്തുന്നു. സ്ത്രീകൾക്കെതിരായ അതിക്രമം തടയാൻ എല്ലാ തലത്തിലുള്ള

ഇടപെടൽ നടത്താൻ നമുക്ക് സാധിക്കണം. ജാഗ്രതാ സമിതി ശക്തിപ്പെടുത്തണം. ഇതിനായി ജെൻഡർ റിസോഴ്സ് സെന്റർ വഴി പ്രവർത്തനം ശക്തിപ്പെടുത്തണം. വിവാഹ പൂർവ്വ കൗൺസിലിംഗിന്റെ അനിവാര്യത, വിദ്യാർത്ഥികളുടെ പരീക്ഷ പേടി എന്നിവ ബോധ്യപ്പെടുത്തുന്ന അനുഭവങ്ങളാണ് പുതിയകാലത്ത് ഉണ്ടാവുന്നത്. ഇത് പരിഹരിക്കാനായി പഞ്ചായത്ത് തലത്തിൽ ജെൻഡർ റിസോഴ്സ് പ്രവർത്തനങ്ങൾക്ക് വേണ്ടി 2 ലക്ഷം രൂപ മാറ്റി വെക്കുന്നു. വനിതാശാക്തീകരണത്തിന് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനും പശു, കോഴി തുടങ്ങി ഗൃഹാന്തരീക്ഷത്തിൽ തന്നെ വളർത്തിയെടുക്കാനും ബജറ്റിൽ ആവശ്യമായ തുക വകയിരുത്തുന്നു.

## ***തൊഴിൽ സംരംഭങ്ങൾ***

സ്ത്രീകളുടെ ഉന്നമനത്തെ ലക്ഷ്യമാക്കി ഗ്രൂപ്പ് സംരംഭം, വ്യക്തിഗത സ്വയംതൊഴിൽ സംരംഭം എന്നിവയിലായി 13 ലക്ഷം രൂപ വകയിരുത്തുന്നു. ഗ്രൂപ്പ് സംരംഭങ്ങൾ കൂടുതലായി തുടങ്ങുന്നതിന് പ്രോത്സാഹനങ്ങൾ പഞ്ചായത്ത് നല്കുന്നതാണ്. കൂടാതെ പുതിയ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾക്കും ബാങ്ക് വായ്പയ്ക്ക് അപേക്ഷിക്കുന്നതിനും ആവശ്യമായ സഹായം തൊഴിൽ വകുപ്പുമായി ചേർന്ന് പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

## ***കുടുംബശ്രീ***

കുടുംബശ്രീ ഇന്ന് കേരളത്തിലെ സർക്കാർ പ്രവർത്തനങ്ങളുടെ അവിഭാജ്യ ഘടകമായി മാറിയിരിക്കുകയാണ്.

**നമ്മുടെ പഞ്ചായത്തിലെ കുടുംബശ്രീയും മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. സാമ്പ്രദായിക രീതികളിൽ നിന്ന് മാറി സാമ്പത്തിക ശാക്തീകരണം ലക്ഷ്യം വെച്ചുള്ള പുതിയ പദ്ധതികൾ ഏറ്റെടുക്കാൻ കുടുംബശ്രീ തയ്യാറാവണം. ഇതിനാവശ്യമായ സംഘടനാ ഒരുക്കങ്ങൾ നടത്താൻ കുടുംബശ്രീ സംവിധാനത്തിനാവണം. ബഡ്ജറ്റ് ഈ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. സ്ത്രീ ശാക്തീകരണത്തിനായി സ്വയം തൊഴിൽ കണ്ടെത്തൽ, വനികൾക്ക് ഫിറ്റ്നസ് ഉപകരണങ്ങൾ വാങ്ങൽ, യോഗാ പരിശീലനം എന്നിവയിലായി 16 ലക്ഷം രൂപയും മാറ്റി വെക്കുന്നു**

## ***<u>സുസ്ഥിര ശുചിത്വ പദ്ധതി</u>***

**കോട്ടയം ഗ്രാമ പഞ്ചായത്ത് സമ്പൂർണ്ണ ശുചിത്വ പദവിയിലേക്ക് കുതിക്കുകയാണ്. എന്റെ ഗ്രാമം സുന്ദര കോട്ടയം എന്ന മുദ്രാവാക്യം സഫലീകരിക്കാൻ നാം ഒത്തൊരുമിച്ച് പ്രവർത്തിക്കണം. ശുചിത്വത്തിന്റെ പ്രാധാന്യം ജനങ്ങളുടെ സ്വന്തം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റുക എന്നതാണ് നാം ലക്ഷ്യം വയ്ക്കുന്നത്. നിരന്തരമായി സംഘടിപ്പിക്കുന്ന ക്യാമ്പയിനിന്റെ ഭാഗമായി പ്രവർത്തനം കൂടിയെങ്കിലും ബോധവല്കരണം ഇനിയും ആവശ്യമുണ്ട്. ബഹുജന പങ്കാളിത്തത്തോടെയുള്ള ഇടപെടൽ ഇനിയും ഉണ്ടാവണം. രൂപീകരിച്ച അയൽക്കൂട്ടങ്ങൾ അതീവ ജാഗ്രതയോടെ പ്രവർത്തിക്കണം. യൂസർഫീയിനത്തിൽ ലഭിക്കുന്ന തുകയുടെ കുറവ് വളണ്ടിയർമാരുടെ ഓണറേറിയം കൃത്യമായി നൽകാൻ സാധിക്കാത്ത അവസ്ഥയുണ്ട്. പ്രധാന ടൗണായ ആറാം മൈൽ, കിണവക്കൽ, കോട്ടയം പൊയിൽ**

ടൗണുകൾ സൗന്ദര്യവൽക്കരിക്കുന്നതിന്റെ ഭാഗമായി പൂന്തോട്ടം ഒരുക്കലും വൃക്ഷത്തൈ വെച്ചു പിടിപ്പിക്കലും വിവിധ സംഘടനകളുടെയും വിവിധ സ്ഥാപനങ്ങളുടെയും സേവനങ്ങൾ ഉപയോഗപ്പെടുത്തി യാഥാർത്ഥ്യമാക്കും. ഹരിത കർമ്മ സേന അംഗങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തിനായി എല്ലാ കൂടുംബങ്ങളും കച്ചവടസ്ഥാപനങ്ങളും മറ്റ് ഓഫീസുകളും യൂസർഫീ കൃത്യമായി നല്കേണ്ടതാണ്. മാലിന്യ സംസ്കരണത്തിനായി റിംങ്ങ് കംപോസ്റ്റ് , വ്യക്തിഗത സെപ്റ്റിക്ക് ടാങ്ക് നിർമ്മാണം, അജൈവ മാലിന്യസംസ്ക്കരണം, എംസിഎഫ് നവീകരണം മറ്റ് ശുചിത്വ പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 35 ലക്ഷം രൂപ മാറ്റി വെക്കുന്നു.

***<u>ആരോഗ്യരംഗം</u>***

സംസ്ഥാന സർക്കാരിന്റെ ആർദ്രം മിഷൻ പ്രവർത്തനം ജനങ്ങൾക്ക് നൽകുന്ന സേവനം ചെറുതല്ല എന്നതിന്റെ ഉദാഹരണമാണ് ആരോഗ്യരംഗത്തെ മാതൃകകൾ. കോട്ടയം എഫ്.എച്ച്.സി വൈകുന്നേരം വരെ ഒ.പിയടക്കം നടത്തി മാതൃകാപരമായി പ്രവർത്തിക്കുകയാണ്. ആശുപത്രിയുടെ വികസനത്തിനായും കിടപ്പിലായ രോഗികൾക്ക് എയർ കിടക്കയും വാക്കിംഗ് സ്റ്റിക്കും വീൽ ചെയറും പാലിയേറ്റീവ് കെയറിനായി മരുന്നും ജീവനക്കാരുടെ ശമ്പളവും ഉൾപ്പെടെ സബ് സെന്ററുകളുടെ നവീകരണത്തിനും ഹോമിയോപ്പതി ആയുർവേദ യുനാനി രംഗത്ത് ഇടപെടൽ നടത്തുന്നതിനും മരുന്ന് വാങ്ങുന്നതിനുമായി 30 ലക്ഷം രൂപ മാറ്റി വെക്കുന്നു

## *വിദ്യാഭ്യാസം*

സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പദ്ധതിയിലൂടെ കേരളത്തിലെ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് സംസ്ഥാന സർക്കാർ ഈ കാലയളവിൽ ഉണ്ടാക്കിയെടുത്തത്. വിദ്യാഭ്യാസ രംഗത്ത് സർക്കാരിന്റെ നയങ്ങളെ പിന്തുടർന്ന് മികച്ച പ്രവർത്തനങ്ങളാണ് നാം നടത്തി വരുന്നത്. കേരളത്തിൽ കഴിഞ്ഞ 5 വർഷക്കാലം കൊണ്ട് 6 ലക്ഷത്തിലധികം കുട്ടികളാണ് പൊതു വിദ്യാഭ്യാസ മേഖലയിൽ കടന്നു വന്നത്. സമഗ്രമായ വില്ലേജ് എജുക്കേഷൻ രജിസ്റ്റർ നാം തയ്യാറാക്കി വരികയാണ്. കുട്ടികളെ ആകർഷിക്കാൻ നമ്മുടെ പഞ്ചായത്തിലെ പൊതു വിദ്യാലയങ്ങൾക്ക് സാധിക്കണം. കുട്ടികളിലെ വായനശീലം വർദ്ധിപ്പിക്കുന്നതിനായി തത്തമ്മ, യുറീക്ക, ശാസ്ത്ര കേരളം , പത്രം എന്നിവ നൽകുന്നതിനും എസ്.എസ്.എ വിഹിതമായും തുടർ വിദ്യഭ്യാസ സാക്ഷരത പ്രവർത്തനങ്ങൾക്കായും 15 ലക്ഷം രൂപ മാറ്റി വെക്കുന്നു. വിദ്യാർത്ഥികളുടെ കായിക നിലവാരം മെച്ചപ്പെടുത്തുന്നതിന് കളരി പരിശീലനം, യോഗാ പരിശീലനം എന്നിവ നടപ്പിലാക്കുന്നു.

## *പശ്ചാത്തല മേഖല*

കോട്ടയം ഗ്രാമപഞ്ചായത്ത് കൺവെൻഷൻ സെന്ററിന് 5 കോടി രൂപ വകയിരുത്തുന്നു. ഗ്രാമീണ റോഡുകളുടെ വികസനം എന്നത് നമ്മുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കഴിഞ്ഞ 3 സാമ്പത്തിക വർഷത്തിനിടയിൽ ഗ്രാമ പഞ്ചായത്തിലെ പ്രധാന റോഡുകളുടെ

**പണി പൂർത്തിയാക്കാനും പണം നീക്കി വെക്കാനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ 8 വർഷത്തിനിടയിൽ ഒരു വാർഡിൽ 4 പുതിയ റോഡുകൾ ഗതാഗത യോഗ്യമാക്കാനും സാധിച്ചു. ബ്ലോക്ക് പഞ്ചായത്തിന്റെയും ജില്ലാ പഞ്ചായത്തിന്റെയും എംഎൽഎ ഫണ്ടും ഈ ഇനത്തിൽ ചെലവഴിച്ചു. ഈ വർഷവും ഇതിന്റെ തുടർച്ചയായ വികസന പ്രവർത്തനമാണ് നാം ലക്ഷ്യം വെക്കുന്നത്. റോഡ് പുനരുദ്ധാരണത്തിനായും പുതിയ റോഡ് വികസനത്തിനായി ഈ വർഷം ഒരു കോടി രൂപ മാറ്റി വെക്കുന്നു. കോട്ടയം ഗ്രാമപഞ്ചായത്തിലെ മുഴുവൻ ഗ്രാമീണ റോഡുകളും പുനരുദ്ധരിക്കുന്നതിന് മുൻഗണന നല്കുന്നതാണ്.**

## ***<u>ഭിന്നശേഷി സൗഹൃദ ഗ്രാമം</u>***

**ഭിന്നശേഷി സൗഹൃദ ഗ്രാമമായി കോട്ടയം പഞ്ചായത്തിനെ മാറ്റുക എന്ന സ്വപ്ന സാക്ഷാത്ക്കാരണിനായി വിവിധ പദ്ധതികൾ ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്യും. ഭിന്നശേഷി കലോത്സവം, ഭിന്നശേഷിക്കാർക്ക് കേൾവി ഉപകരണം വാങ്ങൾ, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ഉൾപ്പെടെ 12 ലക്ഷം രൂപ വകയിരുത്തുന്നു.**

## ***<u>വയോജന സൗഹൃദ ഗ്രാമം</u>***

**വയോജന സൗഹൃദ ഗ്രാമം എന്ന നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാക്കാൻ ആവശ്യമായ പദ്ധതികൾ തയ്യാറാക്കി വയോജന പരിപാലനത്തിന് പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അവരുടെ പോഷകാഹാരത്തിനും മെഡിക്കൽ ക്യാമ്പുകൾക്കും, മറ്റ് ക്ഷേമ പ്രവർത്തനങ്ങൾക്കുമായി 8 ലക്ഷം രൂപ മാറ്റി വെക്കുന്നു.**

## *അങ്കണവാടികൾ*

**അങ്കണവാടികളുടെ വികസനം മുൻ നിർത്തിയുള്ള പ്രത്യേക പദ്ധതികൾ ബഡ്ജറ്റ് മുന്നോട്ട് വയ്ക്കുന്നു. അങ്കണവാടികൾക്ക് സ്ഥലം വാങ്ങൽ, അങ്കണവാടികളുടെ നവീകരണം പ്രവർത്തനത്തിനും പശ്ചാത്തല വികസനത്തിനുമായി 18 ലക്ഷം വകയിരുത്തുന്നു.**

## *സമഗ്ര കായിക വികസനം*

**സമഗ്ര കായിക വികസനം എന്ന മുദ്രാവാക്യവുമായി സംസ്ഥാന സർക്കാർ നടത്തുന്ന പ്രവർത്തനം ചെറുപ്രായം മുതൽ കായിക പരിശീലനം ലഭിച്ചാൽ മാത്രമെ മികച്ച വിജയങ്ങൾ കൈവരിക്കാൻ സാധിക്കുകയുള്ളു. കഴിവുള്ള കായിക താരങ്ങളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ ഗ്രാമ പഞ്ചായത്തിൽ വോളിബോൾ, കളരി , യോഗ പരിശീലനത്തിനും കേരളോത്സവം നടത്തിപ്പിനായി യുവജനക്ഷേമ ബോർഡ് ഫണ്ട് ഉൾപ്പെടെ 4 ലക്ഷം രൂപ മാറ്റി വെക്കുന്നു.**

## *തെരുവു വിളക്ക്*

**മികച്ച തെരുവുവിളക്ക് സംവിധാനമുള്ള പഞ്ചായത്താണ് നമ്മുടേത്. പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ ഉൾപ്പെടെ പുതിയ ലൈൻ വലിക്കേണ്ടതുണ്ട്. ആയതിനാൽ പുതിയ ലൈൻ വലിക്കുന്നതിനും വിളക്കുകളുടെ റിപ്പയറിംഗ് എന്നിവയ്ക്കായി 15 ലക്ഷം രൂപ വകയിരുത്തുന്നു.**

## *പട്ടികജാതി*

പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി മികച്ച പദ്ധതികളാണ് ഗ്രാമ പഞ്ചായത്ത് ആസൂത്രണം ചെയ്തിട്ടുള്ളത്. എങ്കിലും ഈയിനത്തിൽ ഫണ്ട് പ്രയോജനപ്പെടുത്താൻ ഗുണഭോക്താക്കൾ താല്പര്യം കാണിക്കാത്തത് ബോധവൽക്കരണത്തിലൂടെ പരിഹരിച്ചെടുക്കാൻ നമുക്ക് സാധിക്കണം. ഇവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വീട് നവീകരണം, വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ലാപ്പ്ടോപ്പ് എന്നിവയ്ക്കുൾപ്പെടെ 6 ലക്ഷം രൂപ മാറ്റി വെക്കുന്നു.

## *തൊഴിലുറപ്പ് പദ്ധതി*

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനം മികച്ച നിലയിൽ നമ്മുടെ പഞ്ചായത്തിനകത്ത് നടന്നു വരുന്നു. ഈ പദ്ധതിയുടെ അനന്ത സാധ്യതകളെ പ്രയോജനപ്പെടുത്തി പരാമാവധി തൊഴിൽ ദിനങ്ങളും വ്യക്തിഗത ആനുകൂല്യങ്ങൾക്കായി ആട്ടിൻകൂട്, തൊഴുത്ത്, കോഴിക്കൂട്, സോക്ക് പിറ്റ്, കമ്പോസ്റ്റ് പിറ്റ്, കിണർ റീചാർജ്, റോഡ്, പാലം എന്നിവയുടെ പ്രവർത്തനങ്ങൾക്കും കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾക്കുമായി 7 കോടിയുടെ വികസന പ്രവർത്തനങ്ങൾ നാം ലക്ഷ്യമിടുന്നു. ഇത് ഈ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറ്റി മറിക്കും.

## *കുടിവെള്ള പദ്ധതി*

പഞ്ചായത്തിലെ കുടിവെള്ള വിതരണം കാര്യക്ഷമമാക്കാൻ 10 ലക്ഷം രൂപ മാറ്റി വെക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഭൂഗർഭ

ജലത്തിന്റെ അളവ് കുറയാതിരിക്കാൻ കിണർ റീച്ചാർജ്ജ് പദ്ധതി നടപ്പാലാക്കുന്നു. ഇതിനായി ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളുടെ സഹായം ഉറപ്പ് വരുത്തും

***<u>ചെലവ് ചുരുക്കലും വരുമാന വർദ്ധനവും</u>***

അനിവാര്യമായ പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതോടൊപ്പം അനാവശ്യ ചെലവുകളും അധികരിച്ചു വരുന്ന ചെലവുകളും കണ്ടെത്തി കുറച്ചു കൊണ്ടുവരാൻ ബഡ്ജറ്റ് നിർദ്ദേശിക്കുന്നു . തനത് പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ ഉള്ള ചെലവുകൾ സ്പോൺസർഷിപ്പിലൂടെ കണ്ടെത്താനും ഗ്രാമ പഞ്ചായത്തംഗങ്ങളും ജീവനക്കാരും ഉൾപ്പെടെ ചെലവ് ചുരുക്കുന്നതിന് വേണ്ടി ഒരുമിച്ച് പ്രവർത്തിക്കണമെന്നും അഭ്യർത്ഥിക്കുന്നു. വരുമാന വർദ്ധനവിനാവശ്യമായ പുതിയ വഴികൾ കണ്ടെത്തേണ്ടത് അനിവാര്യമായി മാറിയിരിക്കുകയാണ്. പഞ്ചായത്തുകളുടെ പരിമിതിയിൽ നിന്നു കൊണ്ട് ഇത് സാധിക്കുക എന്നത് ഒട്ടേറെ പ്രയാസകരവുമാണ്. എന്നാൽ നിലവിലെ സാധ്യതകൾ പൂർണ്ണമായും ഉപയോഗിച്ച് വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കിയെടുക്കാൻ നമുക്ക് സാധിക്കണം. ഇതിൽ ഏറ്റവും പ്രധാനമാണ് കൂട്ടിയെടുക്കപ്പെട്ട കെട്ടിടങ്ങളെ സമഗ്ര പരിശോധനയിലൂടെ കണ്ടെത്തുകയും നികുതി പരിധിയിൽ കൊണ്ടു വരിക എന്നതാണ്. ഇതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ എല്ലാ സ്ഥാപനങ്ങളേയും ലൈസൻസിന്റെയും തൊഴിൽ നികുതിയുടെയും പരിധിയിൽ കൊണ്ട് വരേണ്ടത് അനിവാര്യമാണ്. ഷോപ്പിംങ്ങ് കോംപ്ളക്സ് നിർമ്മാണം

പോലെയുള്ള വരുമാനദായകമായ പദ്ധതികൾ നമ്മുക്ക് ആവിഷ്ക്കരിക്കേണ്ടതുണ്ട്. ആയതിന് സ്ഥലം ലഭ്യതയും ഫണ്ടും ഒരു തടസ്സമാണ്. ഇതിനായി എംഎൽഎ ഫണ്ട്, എംപി ഫണ്ട്, സിഎസ്സ്ആർ ഫണ്ട് എന്നിവയ്ക്കായി നമ്മുക്ക് വരും വർഷങ്ങളിൽ ശ്രമിക്കേണ്ടതുണ്ട്.

അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതികളടക്കം ഉൾപ്പെടുത്തി കൊണ്ടാണ് ഈ കരട് ബഡ്ജറ്റ് നാം തയ്യാറാക്കിയത്. നവകേരള സൃഷ്ടിക്കായുള്ള ആസൂത്രണത്തിലാണ് കേരള സർക്കാർ. പുതിയ കേരളത്തിനായുള്ള വികസന മാതൃകക്ക് ഒപ്പം നടക്കാൻ നമുക്കും സാധിക്കണം. അതിന് ഉതകുന്ന രീതിയിൽ ഈ ബഡ്ജറ്റിനെ പൂർണ്ണമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മൾ അതിജീവിക്കും എന്ന പ്രത്യാശയോടെ ഈ ബഡ്ജറ്റ് നിങ്ങളുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**2024-25 സാമ്പത്തിക വർഷത്തേക്ക് 24,60,01,604/- വരവും 24,35,57,600/-ചെലവും 24,44,004/- രൂപ മിച്ചവും പ്രതീക്ഷിക്കുന്ന ബഡ്ജറ്റ് ആണ് അവതരിപ്പിച്ചിട്ടുള്ളത്.**

| | | |
|---|---|---|
| **കോട്ടയം ഗ്രാമ പഞ്ചായത്ത്** | | |
| **വാർഷിക ബഡ്ജറ്റ് 2024-25** | | |
| | **വരവ്** | |
| | **പ്രാരംഭ ബാക്കി** | **8110604** |
| | **നികതി വരുമാനം** | |
| **1** | വസ്തു നികുതി | **50,00,000** |
| **2** | സേവന നികുതി | **1,00,000** |
| **3** | തൊഴിൽ നികുതി | **18,00,000** |
| | ആകെ | **69,00,000** |
| | **നികുതിയേതര വരുമാനം** | |
| **1** | സ്ഥലങ്ങളുടെയും, കെട്ടിടങ്ങളുടെയും വാടക | **3,10,000** |
| **2** | പഞ്ചായത്ത് സ്വത്തുക്കളുടെ ദിവസ വാടക | **7,500** |
| **3** | രജിസ്ട്രേഷൻ/ചാർജ് ഫീസ് | **35,000** |
| **4** | ലൈസൻസ് ഫീ | **6,00,000** |
| **5** | പെർമിറ്റ് ഫീ ( ബിൽഡിംഗ്) | **50,00,000** |
| **6** | സർട്ടിഫിക്കറ്റ്/ എക്സ്ട്രാക്റ്റ് ഫീ | **22,000** |
| **7** | യൂസർചാർജ് | **15,000** |
| **8** | മറ്റ്ഫീസുകൾ | **5,00,000** |
| **9** | ഫൈൻ | **1,80,000** |
| **10** | സർവ്വീസ് /അഡ്മിനിസ്ട്രേറ്റീവ് ചാർജുകൾ | **15,000** |
| **11** | ഉൽപന്നങ്ങളുടെ വില | **20,000** |
| **12** | ഫോറം വില | **1,00,000** |
| **13** | ഉപയോഗ ശൂന്യമായ വസ്തുക്കളുടെ വിൽപ്പന | **20,000** |
| **14** | വാഹന വാടക | **1,00,000** |
| **15** | ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ളപലിശ | **4,25,000** |
| **16** | നിക്ഷേപങ്ങൾ കണ്ട് കെട്ടിയത് | **80,000** |
| **17** | മറ്റ് വസ്തുക്കളുടെ വിൽപ്പന | **18,500** |
| | ആകെ നികുതിയേര വരുമാനം | **74,48,,000** |
| | | |
| | **ഗ്രാൻഡ് ഇൻ എയ്ഡ് കോൺട്രി ബ്യൂഷൻ** | |
| **1** | ജനറൽ പർപ്പസ് ഫണ്ട് | **1,33,36,000** |
| **2** | വികസന ഫണ്ട് ജനറൽ | **1,15,18,000** |
| **3** | വികസന ഫണ്ട് എസ്.സി.പി | **5,51,000** |

| | | |
|---|---|---|
| 4 | വികസന ഫണ്ട് ധനകാര്യകമ്മീഷൻ | 48,51,000 |
| 5 | മെയിന്റനൻസ് റോഡ് | 34,99,000 |
| 6 | മെയിന്റനൻസ് നോൺ റോഡ് | 30,38,000 |
| | ആകെ | 3,67,93,000 |
| | പദ്ധതിയേതര ചെലവുകൾക്കു വേണ്ടിയുള്ള വരവുകൾ (പെൻഷനുകൾ) | |
| 1 | വാർദ്ധക്യകാല പെൻഷൻ | 1,70,00000 |
| 2 | വിധവാ പെൻഷൻ | 1,50,00000 |
| 3 | കർഷകതൊഴിലാളി പെൻഷൻ | 80,00,000 |
| 4 | അവിവാഹിത പെൻഷൻ | 63,00,000 |
| 5 | വികലാംഗ പെൻഷൻ | 31,00,000 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 6,00,000 |
| | ആകെ | 5, 00,00,000 |
| | <u>കേന്ദ്രാവിഷ്കൃത ഫണ്ടുകൾ</u> | |
| 1 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 7,00,00,000 |
| 2 | പൂരക പോഷാകാഹരം | 10,00,000 |
| 3 | ശുചിത്വ മിഷൻ–കേന്ദ്ര വിഹിതം | 10,00,000 |
| 4 | ഹെൽത്ത് ഗ്രാന്റ്–കേന്ദ്ര വിഹിതം | 10,00,000 |
| | ആകെ | 7,30,00,000 |
| | <u>മറ്റു വിഹിതങ്ങൾ</u> | |
| 1 | ശുചിത്വമിഷൻ | 5,00,000 |
| 2 | ജില്ലാ പഞ്ചായത്ത് വിഹിതം | 20,00,000 |
| 3 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 35,00,000 |
| 4 | കേരളോത്സവം ഗ്രാന്റ് | 20,000 |
| 5 | സംസ്ഥാന വിഹിതം | 30,00,000 |
| 6 | ഗുണഭോക്ത് വിഹിതം | 10,00,000 |
| 7 | അവാർഡ് തുക | 5,00,000 |
| 8 | എംഎൽഎ ഫണ്ട് | 5,15,00,000 |
| 9 | കോർപ്പറേഷൻ വിഹിതം | 4,30,000 |
| 10 | ഹഡ്കോ വായ്പ | 13,00,000 |
| | ആകെ | 6,37,50,000 |

| | നിക്ഷേപങ്ങളും മുൻകൂറുകളും | |
|---|---|---|
| 1 | നിരത ദ്രവ്യം | 20,000 |
| 2 | സെക്യൂരിറ്റി നിക്ഷേപം | 100,000 |
| 3 | റിടെൻഷൻ | 35,000 |
| 4 | റിക്കവറികൾ | 2,500,000 |
| 5 | വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ | 10,000 |
| | ആകെ വരവുകൾ | 26,65,000 |

## ചെലവുകൾ

| | എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ | |
|---|---|---|
| 1 | ശമ്പളം | 1,50,00,000 |
| 2 | വേതനം | 3,00,000 |
| 3 | ബോണസ് | 40,000 |
| 4 | ജനപ്രതിനിധികൾക്കുള്ള ഓണറേറിയം | 20,00,000 |
| 5 | സിറ്റിംഗ് ഫീ | 2,00,000 |
| 6 | യാത്രാ ബത്ത – ജനപ്രതിനിധികൾ | 1,00,000 |
| 7 | യാത്രാ ബത്ത – ജീവനക്കാർ | 2,50,000 |
| 8 | മറ്റ് ബത്തകൾ | 90,000 |
| 9 | പെൻഷൻ കോൺട്രിബ്യൂഷൻ | 10,00,000 |
| 10 | അവധി ശമ്പളം | 8.50.000 |
| 11 | സേവന വിരാമ ആനുകൂല്യങ്ങൾ | 7,80,000 |
| | ആകെ | 2,06,10,000 |

| | ഭരണപരമായ ചെലവുകൾ | |
|---|---|---|
| 1 | വാടക | 16,000 |
| 2 | ഓഫീസ്ചെലവുകൾ | 107600 |
| 3 | വാർത്താവിനിമയ ചെലവ് | 2,50,000 |
| 4 | പുസ്തകങ്ങളും, ആനുകാലികങ്ങളും | 17,500 |
| 5 | അച്ചടിയും. സ്റ്റേഷനറിയും | 2,00,000 |
| 6 | ഇൻഷൂറൻസ്/രജിസ്ട്രേഷൻ | 50,000 |
| 7 | നീതിന്യായസേവനങ്ങൾക്കുള്ള ചെലവ് | 20,000 |
| 8 | പ്രൊഫഷനര് സേവനങ്ങൾക്കുള്ള ചെലവ് | 50,000 |

| | | |
|---|---|---|
| 9 | പരസ്യവും, പ്രചരണവും | 5,000 |
| 10 | മെമ്പർഷിപ്പ്/വരിസംഖ്യ | 45,000 |
| 11 | തെരഞ്ഞെടുപ്പ് ചെലവുകൾ | 1,00,000 |
| 12 | അസാധാരണ ചെലവുകൾ | 55,000 |
| 13 | മറ്റ് ഭരണ ചെലവ് | 1,50,000 |
| 14 | വൈദ്യുതി/ഊർജം | 8,50,000 |
| 15 | ഡീസൽ പെട്രോൾ, ഓയിൽ ലൂബ്രിക്കന്റ് | 3,00,000 |
| 16 | വാട്ടർചാർജ് | 25000 |
| 17 | വാഹന വാടക | 1,25,000 |
| 18 | പൊതു കെട്ടിടം –സംരക്ഷണം,അറ്റകുറ്റപ്പണി | 27,000 |
| 19 | സംരക്ഷണം, അറ്റകുറ്റപ്പണി–ജംഗമ വസ്തുക്കൾ | 2,75,000 |
| 20 | മറ്റ് നടത്തിപ്പ്, മെയിന്റനൻസ് ചെലവുകൾ | 65,000 |
| 21 | ബാങ്ക്ചാർജ്നൽകൽ | 1,000 |
| | ആകെ | 27,34,100 |

| | പ്ലാൻ ചെലവുകൾ (ഉത്പാദനം) | |
|---|---|---|
| 1 | ഇടവിള കൃഷി വികസനം | 2,50,000 |
| 2 | നെൽകൃഷി വികസനം | 1,00,000 |
| 3 | കുരുമുളക് കൃഷി വിസ്തൃതി വ്യാപനം | 1,00,000 |
| 4 | വാഴകൃഷി വികസനം | 4,00,000 |
| 5 | ജൈവ പച്ചക്കറി വികസനം | 5,00,000 |
| 6 | നാളികേരകൃഷി വികസനം | 5,00,000 |
| 7 | ചെറുധാന്യങ്ങൾ മുത്താറി | 1,00,000 |
| 8 | കൃഷി ഓഫീസിന്റെ ദൈനംദിന ചെലവ് | 20,000 |
| 9 | കന്നുകുട്ടി പരിപാലനം | 4,50,000 |
| 10 | പാലിന് ഇൻസെന്റീവ് | 3,00.000 |
| 11 | പശു വളർത്തല് | 5,00,000 |
| 12 | മൃഗാശുപത്രിക്ക് മരുന്ന് വാങ്ങൽ | 50,000 |
| 13 | നെൽകൃഷി കൂലിച്ചെലവ് | 1,00,000 |
| 14 | കറവപ്പശു വിതരണം | 3,00,000 |

| | | |
|---|---|---|
| 15 | മുട്ടക്കോഴി വിതരണം | 1,00,000 |
| 16 | പടുതാകുളം മത്സ്യകൃഷി | 50,000 |
| 17 | മണ്ണ് ജല സംരക്ഷണം | 2,00,000 |
| 18 | സേവന സംരംഭങ്ങൾ | 13,00,000 |
| 19 | കുളം നവീകരണം | 1,00,000 |
| | ആകെ | 54,20,000 |

| | സേവന മേഖല | |
|---|---|---|
| 1 | ഐ കെ എം ന് വിഹിതം നൽകല് | 45,000 |
| 2 | പദ്ധതി രൂപീകരണം,നിർവഹണം,മോണിട്ടറിംഗ് | 2,50,000 |
| 3 | ടെക്നിക്കല് അസിസ്റ്റന്റിന്റെ വേതനം നൽകല് | 3,85,000 |
| 4 | അംഗൻവാടി പ്രവർത്തകര്ക്ക് ഹോണറേറിയം-തുക കൈമാറൽ | 7,00,000 |
| 5 | പഞ്ചായത്ത് ഓഫീസ്സിലെ വിവിധ ഇലക്ട്രോണിക്സ് ഉപകരണങ്ങള്ക്ക് എ.എം.സി പുതുക്കല് | 50,000 |
| 6 | പഞ്ചായത്ത് ഓഫീസിലേക്ക് ഫോട്ടേസ്റ്റാറ്റ് മെഷീൻ വാങ്ങല് | 1,00,000 |
| 7 | പഞ്ചായത്ത് ഓഫീസിലേക്ക് പ്രൊജക്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ | 50,000 |
| 8 | പഞ്ചായത്ത് ഓഫീസിലേക്ക് കംപ്യൂട്ടർ വാങ്ങൽ | 50,000 |
| 9 | പ്രൊജക്ട് അസിസ്റ്റന്റിന് വേതനം | 2,82,000 |
| 10 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി. | 9,00,000 |
| 11 | ഐ.എസ്.ഒ പുതുക്കൽ | 10,000 |
| 12 | പഞ്ചായത്ത് ഓഫീസിൽ സാനിറ്ററി നാപ്കിന് ഡിസ്ട്രോയർ സ്ഥാപിക്കല് | 50,000 |
| 13 | എം. സി .എഫ് ന് സി.സി.ടി.വി ക്യാമറ സ്ഥാപിക്കൽ | 1,00,000 |
| 14 | പഞ്ചായത്ത് കോംബോഡിൽ വാട്ടര് എ.ടി.എം സ്ഥാപിക്കൽ | 5,00,000 |
| 15 | അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 8,00,000 |

| | | |
|---|---|---|
| 16 | ലൈഫ് ഭവന പദ്ധതി പൊതുവിഭാഗം | 1,20,00,000 |
| 17 | ആശ്രയ - അഗതിരഹിത കേരളം വീട് വാസയോഗ്യമാക്കൽ | 1,50,000 |
| 18 | pmay- ബ്ലോക്കിലേക്ക് പഞ്ചായത്ത് വിഹിതം കൈമാറല് | 50,000 |
| 19 | വീട് വാസയോഗ്യമാക്കൽ(ജനറൽ) | 7,00,000 |
| 20 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കൽ (പട്ടികജാതി) | 3,00,000 |
| 21 | റിംഗ് കംപോസ്റ്റ് 2024- 25 | 15,00,000 |
| 22 | പുനചക്രമണസാധ്യമല്ലാത്ത അജൈവമാലിന്യങ്ങൾ സംസ്കരിക്കല് | 17,00,000 |
| 23 | ഹരിത കർമ്മ സേനക്കാർക്ക് പി പി എക്യുപ്മെന്റ് | 50,000 |
| 24 | ഹരിത കർമ്മസേനയ്ക്ക് കളക്ഷന് ബാഗ് 2024-25 | 15,000 |
| 25 | യൂസർ ഫീ ഒഴിവാക്കുന്നതിന് തുക അടവാക്കല് | 1,00,000 |
| 26 | കുഴികക്കൂസ് മാറ്റി സെപ്റ്റി ടാങ്ക് ആക്കി മാറ്റൽ | 4,00,000 |
| 27 | തുറസ്സായ കുടിവെള്ള കിണർ ശുചിത്വ കിണറാക്കി മാറ്റൽ (ആൾമറ) | 1,00,000 |
| 28 | അതിദരിദ്ര ഗുണഭോക്താക്കൾക്ക് സ്ഥലവും, വീടും | 6,00,000 |
| 29 | വിവിധ കുടിവെള്ള പദ്ധതികൾ | 8,50,500 |
| 30 | ആയുർവേദ ആശുപത്രിക്ക് - മരുന്നു വാങ്ങൽ | 8,00,000 |
| 31 | യുനാനി ഔഷധങ്ങൾ വാങ്ങല് | 3,00,000 |
| 32 | യോഗ ഗ്രാമം പദ്ധതി. | 60,000 |
| 33 | ആയൂർവേദ ഡിസ്പെൻസറിക്ക് ദൈനംദിന ചെലവുകൾ. | 25,000 |
| 34 | കുട്ടികള്ക്ക് യോഗാ പരിശീലനം | 1,00,000 |
| 35 | ശാരീരിക-മാനസികവെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 14,11,900 |
| 36 | അംഗൻവാടി പോഷകാഹാര പരിപാടി | 20,00,000 |
| 37 | ശിശുമന്ദിരംപോഷകാഹാര പരിപാടി | 1,00,000 |
| 38 | പെൺകുട്ടികൾക്ക് കളരി പരിശീലനം | 1,00,000 |

| | | |
|---|---|---|
| 39 | മൌവേരി അംഗനവാടിയുടെ മാസവാടക അടവാക്കൽ | 6,000 |
| 40 | കമ്മ്യുണിറ്റി വുമൺ ഫെസിലിറ്റേറ്റർക്ക് ഹോണറേറിയം നൽകല് | 2,04,000 |
| 41 | ഭിന്നശേഷി കലോത്സവം. | 50,000 |
| 42 | എസ്.എസ്.കെ. വിഹിതം നൽകല് | 8,00,000 |
| 43 | സ്കൂളുകൾക്ക് പത്രം വിതരണം | 25,000 |
| 44 | സാംസ്കാരിക സ്ഥാപനങ്ങൾക്ക് പത്രം വിതരണം | 4,000 |
| 45 | സമഗ്ര തുടർ വിദ്യാഭ്യാസ പരിപാടി | 50,000 |
| 46 | ഡിജിറ്റൽ സാക്ഷരത പദ്ധതി | 25,000 |
| 47 | പത്താമുദയം സമ്പൂർണ്ണ സെക്കണ്ടറി വിദ്യാഭ്യാസ ജില്ല | 50,000 |
| 48 | എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 2,00,000 |
| 49 | എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്പ് | 51,000 |
| 50 | കേരളോത്സവം | 1,00,000 |
| 51 | ബാലസഭ കുട്ടികൾക്ക് ഫുഡ്ബോള് പരിശീലനം- സ്റ്റാമിന 2024-25 | 1,50,000 |
| 52 | ജീവിതമാണ് ലഹരി -ലഹരിയല ജീവിതം | 20,000 |
| 53 | അതിദരിദ്രർക്ക് ഭക്ഷണം നൽകല് | 50,000 |
| 54 | ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങല് | 3,00,000 |
| 55 | എഫ്.എച്ച്.സി ക്ക് മരുന്നു വാങ്ങൽ | 8,00,000 |
| 56 | സാന്ത്വന പരിചരണ പദ്ധതി | 15,00,000 |
| 57 | FHC ക്ക് പത്രം വിതരണം | 3,000 |
| 58 | FHC ക്ക് ഉപകരണങ്ങൾ വാങ്ങല് | 30,000 |
| 59 | പിഎച്ച്സിയില് താൽക്കാലിക,പാരാമെഡിക്കൽസ്റ്റാഫ്എന്നിവർക്ക് വേതനം നൽകല് | 4,00,000 |
| 60 | കുടുംബാരോഗ്യ കേന്ദ്രത്തിലെ മാലിന്യ സംസ്ക്കരണം. | 25,000 |
| 61 | ഹാപ്പി മോം പദ്ധതി | 1,00,000 |
| 62 | FHC പ്രതിരോധ പ്രവര്ത്തനങ്ങള്ക്ക് വാഹന വാടക | 30,000 |

| | | |
|---|---|---|
| 63 | കണ്ണൂര്‍ ഫൈറ്റ് കാന്‍സര്‍- സമഗ്ര കാന്‍സര് നിയന്ത്രണ പരിപാടി. | 20,000 |
| 64 | എഫ്.എച്ച്.സിയില്‍ വനിതകള്‍ക്ക് ഫിറ്റ്നസ്സ് ഉപകരണങ്ങള് വാങ്ങല് | 2,00,000 |
| 65 | എഫ്.എച്ച്.സിയുടെ ദൈനംദിന ചെലവുകള്‍ | 50,000 |
| 66 | അതിദരിദ്രര്‍ക്കുള്ളപദ്ധതി ചികിത്സ | 5,000 |
| 67 | ഡയാലിസിസ് രോഗികള്ക്ക് ധനസഹായം | 45,000 |
| 68 | അതിദരിദ്രര്‍ക്ക് ഭവന നിര്‍മ്മാണത്തിന് സ്ഥലം വാങ്ങല്‍ | 4,00,000 |
| 69 | അസിസ്റ്റന്റ്എഞ്ചിനീയര്ക്ക് വാഹനം വാടകയ്ക്ക് എടുക്കല്‍ | 2,50,000 |
| | ആകെ | 3,36,27,400 |
| | **പശ്ചാത്തല മേഖല** | |
| 1 | പഞ്ചായത്ത് ഓഫീസ് പ്രവര്‍ത്തനം മെച്ചപ്പെടുത്തല് | 10,00,000 |
| 2 | വിവിധ ഗ്രാമീണ റോഡുകള്‍ നവീകരണം | 66,45,100 |
| 3 | റോഡ് നിര്‍മ്മാണം | 16,00,000 |
| 4 | അംഗന്‍വാടി അറ്റകുറ്റപ്പണി | 6,20,000 |
| 5 | കൃഷി ഓഫീസ് നവീകരണം | 1,00,000 |
| 6 | പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നവീകരണം | 3,00,000 |
| 7 | എം.സി.എഫ് നവീകരണം. | 2,00,000 |
| 8 | തെരുവ് വിളക്ക് വാങ്ങല്‍ | 1,00,000 |
| 9 | കോട്ടയം കണ്‍വെന്‍ഷന്‍ സെന്‍റര് | 5,00,00.000 |
| | ആകെ | 6,05,65,100 |
| | **പട്ടികജാതി വിഭാഗം** | |
| 1 | വാസയോഗ്യമല്ലാത്ത വീട് വാസയോഗ്യമാക്കല്‍ (പട്ടികജാതി) | 3,00,000 |
| 2 | എസ് സി പെണ്‍കുട്ടികള്‍ക്ക് വിവാഹ ധനസഹായം | 50,000 |
| 3 | പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് ലാപ് ടോപ്പ് | 51000 |
| 4 | പട്ടികജാതി വിദ്യാര്‍ത്ഥികള്‍ക്ക് സ്കോളര്‍ഷിപ്പ് | 200000 |
| | ആകെ | 6,01,000 |
| | **പദ്ധതിയേതര ചെലവുകള്‍ (പെന്‍ഷനുകള്‍)** | |
| 1 | വാര്‍ദ്ധക്യകാല പെന്‍ഷന്‍ | 1,70,00,000 |
| 2 | വിധവാ പെന്‍ഷന്‍ | 1,50,00,000 |

| | | |
|---|---|---|
| 3 | കർഷകതൊഴിലാളി പെൻഷൻ | 80,00,000 |
| 4 | അവിവാഹിത പെൻഷൻ | 63,00,000 |
| 5 | വികലാംഗ പെൻഷൻ | 31,00,000 |
| 6 | വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 6,00,000 |
| | ആകെ | 5,00,00,000 |
| | **കേന്ദ്രാവിഷ്കൃത ഫണ്ടുകൾ ചെലവ്** | |
| | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | |
| 1 | പ്രകൃതി വിഭവ പരിപാലനം( മഴക്കുഴി,മൺവരമ്പ്,തോട്സംരക്ഷണം,കുളം സംരക്ഷണം) | 6,00,00,000 |
| 2 | ഗ്രാമീണ അടിസ്ഥാന സൗകര്യങ്ങൾ(റോഡ്,നടപ്പാത) | 1,00,00,000 |
| | ആകെ | 7,00,00,000 |
| | **നിക്ഷേപങ്ങളും മുൻകൂറുകളും- ചെലവ്** | |
| 1 | നിരത ദ്രവ്യം | 10,000 |
| 2 | സെക്യൂരിറ്റി നിക്ഷേപം | 75,000 |
| 3 | റിടെൻഷൻ | 25,000 |
| 4 | റിക്കവറികൾ | 2,500,000 |
| 5 | വർക്ക് ബില്ലിൽ നിന്നുള്ള റിക്കവറികൾ | 10,000 |
| | ആകെ | 26,20,000 |

| സംഗ്രഹം | |
|---|---|
| മുൻ ബാക്കി | 8110604 |
| വരവുകൾ | 237891000 |
| ആകെ | 246001604 |
| ചെലവ് | 243557600 |
| നീക്ക് ബാക്കി | 2444004 |